# രക്ഷയുടെ   അർദ്ധരാത്രി ( SALVATION AT MIDNIGHT)

അർദ്ധരാത്രിയിലെ നാലാമത്തെ ദൃശ്യമാണ് അപ്പോസ്തോലപ്രർത്തി(16.16-34)യിൽ കാണുവാൻസാധിക്കുന്നത് മിസ്രേമിലെ  അടിമവേല നിമിത്തം നെടുവീർപ്പിട്ട് നിലവിളിച്ച തന്റെ ജനത്തെ വിടുവിപ്പാൻ അർദ്ധരാത്രിയിൽ ദൈവം നടത്തിയ ന്യായവിധിയുടെ ശക്തി അവർണ്ണനീയമത്രെ. ഈ  വേദഭാഗം (അപ്പോ.16-16-34)  ഒരു പ്രത്യേക അനുഭവത്തിന്റെ വ്യക്തതയാണ് കാണിക്കുന്നത്. അന്യായ പീഡനം ഏൽക്കേണ്ടിവന്ന രണ്ട് ദൈവമക്കൾ ആ വേദനയിലും ദൈവമുഖത്തേക്കാണ് കണ്ണുകൾ  ഉയർത്തിയത്.

***ശിക്ഷിപ്പാനുണ്ടായ കാരണങ്ങൾ പ്രമാണികളുടെ ദൃഷ്ടിയിൽ (അപ്പോ.16.18,21)***

1, പ്രമാണിമാരുടെ ആദായ മാർഗ്ഗമായിരുന്നു ലക്ഷണവിദ്യ ലക്ഷണം പറയുന്ന സ്ത്രീയുടെ ഭൂതബാധ ദൈവമക്കൾ ശാസിക്കുകയും അവൾ സ്വതന്ത്രയാകുകയും ചെയ്തു.

2, യഹൂദൻമാരായ  ഇവർ റോമക്കാർക്ക്  അംഗീകരിപ്പാൻ കഴിയാത്ത ന്യായമല്ലാത്ത ആചാരങ്ങൾ പറഞ്ഞ് പട്ടണം കലക്കുന്നു

***കഠിനമായ ശിക്ഷകൾ ദൈവമക്കൾ  ഏൽക്കേണ്ടിവന്നവ(അപ്പോ.16,22-24)***

1) വസ്ത്രം പറിച്ചുരിഞ്ഞു.

2) കോൽകൊണ്ട് അവരെ അടിക്കുവാൻ കല്പിച്ചു.

3) തടവിൽ  ആക്കി.

4) ആമത്തിൽ അവരുടെ കാലുകൾ ഇട്ട്പൂട്ടി

അർദ്ധരാത്രിയുടെ അനുഭവം മാത്രമല്ല സമയവും അർദ്ധരാത്രി പുറമെ മാത്രമല്ല ഇരുട്ട് അവരുടെ  ജീവിതത്തിലും ഇരുട്ട് വ്യാപിച്ചു എന്ന  സമാധാനത്തോടെ അവരെ അടിച്ചവരും സൂക്ഷമതയോടെ അവരെ കാക്കുവാൻ ഏല്പിച്ചകരാഗ്രഹ പ്രമാണിയും ഗാഢനിദ്രയിലാണ്ടു. എന്നാൽ ഇവർ സാധാരണവ്യക്തികളല്ല. ശാരീരിക മുറിവുകൾക്ക് അവരെ തകർക്കുവാൻ കഴിഞ്ഞില്ല. തങ്ങളുടെ കർത്താവിനുവേണ്ടി കഷ്ടം സഹിപ്പാൻ വിളിക്കപ്പെട്ടതിനായി അവർ ദൈവത്തിന് നന്ദി കരേറ്റി.

***എപ്രകാരമാണ് വേദനയിൽ നന്ദികരേറ്റിയത്.***

(1) പ്രാർത്ഥിച്ചു. (2) ദൈവത്തെപാടിസ്തുതിച്ചു. ബന്ധനം അഴിയും കെട്ടുകൾ അഴിയും ആരാധനയിൽ കരാഗ്രഹത്തിലെത്തിലെ തണുപ്പ്  ദേഹം മുഴുവൻ അടികൊണ്ടമുറിവ് മുറിവുകളിൽക്കൂടി ചോര ഒഴുകുന്നത്

ഈ തടസ്സങ്ങളൊന്നും ആരാധിച്ച ദൈവമക്കളുടെ മുമ്പിൽ തടസ്സമല്ല.

പെട്ടെന്ന് ഒരു വലിയ ഭൂകമ്പം ഉണ്ടായി ,കാരാഗൃഹത്തിന്റെ അടിസ്ഥാനം കുലുങ്ങി. പാട്ടുശ്രദ്ധി

ച്ചർ ആരാധനയുടെ ശക്തി മൂലമുണ്ടായ ഭൂകമ്പവും തിരിച്ചറിഞ്ഞു അവർ ശക്തി അനുഭവിച്ചറിഞ്ഞു. ചങ്ങലകൾ പൊട്ടിവീണു കരാഗൃഹവാതിലുകൾ തുറന്നു

[ *പ്രീയ ,സഹോദരങ്ങളെ നിങ്ങളുടെ ഭവനത്തിന്റെ തകർച്ച,മക്കളുടെ ഭാവി, ഉയർച്ച ഇവയെ നശിപ്പിക്കുന്ന ശാപങ്ങളെ പഴിപറഞ്ഞിരിക്കാതെ എന്റെ ദൈവത്താൻ ഈ മതിൽ ചാടിക്കടക്കും എന്ന ധൈര്യത്തോടെ പാടി ആരാധിക്കുക.പ്രാർത്ഥനയോടെ സ്തുതി സ്തോത്രം അർപ്പിക്കുക ഒരു ഭൂകമ്പം ഉണ്ടാകട്ടെ വിശ്വാസത്തോടെ -------- അതേ പ്രശ്നമാക്കുന്ന ചെങ്കടൽ മാറ്റപ്പെടും ഇരുവശത്തേക്കും - ദൈവം ഒരു വഴി നിങ്ങൾക്കായി തുറക്കും. വിശ്വസിക്കുക. ഏറ്റുപറയുക* ]

## <u>അർദ്ധരാത്രിയിൽ നടന്ന രക്ഷ</u>

ഏത് ശബ്ദവും കേൾക്കാതെ ഉറങ്ങാൻ ആഗ്രഹിക്കുന്ന യാമമാണ് അർദ്ധരാത്രിയുടെ യാമം കരാഗൃഹപ്രമാണിയെ ഉണർത്തുവാനായി ദൈവം ഒരു ഭൂകമ്പം അയച്ചത് ദൈവീകപ്രവർത്തിയുടെ പൂർത്തീകരണമായിരുന്നു .ഉറക്കമുണർന്ന ഒരു ഉദ്യോഗസ്ഥന് സ്വഭാവികമായുണ്ടാകുന്ന വികാരങ്ങൾ അയാൾക്കും ഉണ്ടായി. ഇവിടെ ദൈവം ഉണർത്തുന്ന ഒരു വ്യക്തിയുടെ അവസ്ഥ ചിന്തിക്കാം . അപ്രകാരംമുള്ളവർക്കേ പാപബോധം ഉണ്ടാകുകയുള്ളു.. അതു മൂലം അസ്വസ്തത, ഭയം ആത്മാവിന്റെ ഭാരം ഇവ ഉണ്ടാകുന്നു.(സങ്കീ32.3) (38.4) അപ്പോ.24.25)ഉറക്കമുണർന്നവനു മാത്രമെ രക്ഷയുടെ ആവശ്യം ബോധ്യപ്പെടുകയുള്ളു. വലിയ ഒരു മാറ്റം തന്റെ ജീവിതത്തിനാവശ്യമെന്ന് മനസ്സിലാക്കിയവന്റെ സംസാരത്തിലും മാറ്റം സംഭവിച്ചു. യജമാനൻമാരേ എന്ന സംബോധനയോടെ രക്ഷയ്ക്കുള്ള മാർഗ്ഗം അനേഷിച്ചു. വ്യക്തവും സുനിശ്ചിതവുമായ വചനം പൗലോസ് കരാഗൃഹപ്രമാണിക്ക് നൽകുകയുണ്ടായി. കർത്താവായ യേശുവിൽ വിശ്വസിച്ച കരാഗൃഹപ്രമാണി മാത്രമല്ല അവന്റെ കുടുംബവും രക്ഷിക്കപ്പെട്ട് സ്നാനം ഏറ്റു വീടടക്കം ആനന്ദിക്കുകയും ചെയ്തു.

[ഉണർന്നിട്ടും ഉറക്കം നടക്കുന്ന സഹോദരങ്ങളെ രക്ഷ ആവശ്യമെന്നറിഞ്ഞിട്ടും ശ്രദ്ധിക്കാത്തതിനാൽ കുടുംബസന്തോഷം അന്യം നിന്നു പോകുന്നു. ഉണരുക കാന്തന്റെ വരവ് ആസന്നമായി ആഗ്രഹമുള്ളവനാണെങ്കിൽ രക്ഷിക്കുവാൻ ഭൂകമ്പവും കൊടുങ്കാറ്റും ദൈവം അയയ്ക്കും ദൈവമഹത്വം അവങ്കൽ കാണുക].

*ശാന്തമ്മ വറുഗീസ്*